പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3469 16.12.2015 - ൽ മറുപടിയ്ക്ക്

**വയോജന സംരക്ഷണം**

ചോദ്യം ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കു ന്നതിനായി Department of Community Medicine വകുപ്പിന് വേണ്ടി ഒരു Qualitative Study (2012-13) യും Centre for Development Studies- ഒരു Quantitative Study യും നടത്തിയിട്ടുണ്ട്. |
| (ബി) | ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ? | (ബി) | സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ഗവൺമെന്റിന്റെ 12 വൃദ്ധസദനങ്ങളും 4 വികലാംഗ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ താമസിക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ അവിടെ വന്ന് താമസിച്ചാൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്.<br>സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ വഴി വയോമിത്രം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലീനിക്കും, വൈദ്യ സഹായവും, മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടു പോകുന്നതിനും, തിരിച്ചു കൊണ്ടു പോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് വയോമിത്രം ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു. പദ്ധതി ഇപ്പോൾ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്<br>വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സ വകുപ്പുമായി സഹകരിച്ച് ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകി വരുന്നു. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ